# ആമ്പല്ലൂർ വെറും ഒരു ഉപഗ്രഹനഗരമോ?

മധ്യകേരളത്തിൽ ഏറ്റവും കൂടുതൽ പൂരോഗതി പ്രാപിക്കുന്ന സ്ഥലങ്ങളാണ് ആമ്പല്ലൂർ, പുതുക്കാട്, പാലിയേക്കര. കേരളത്തിന്റെ യഥാർത്ഥ മധ്യഭാഗം ഇത് തന്നെയാണ്. ഭാവി യിൽ കേരളത്തിന്റെ അച്ചുത് (Central axis)ആയിവളരുന്ന എല്ലാസാഹചര്യം ഇവിടെ ഒന്നിനു പുറകെ ഒന്നായിവരുന്നു. യൂറോപ്യൻ മാതൃകയിലുള്ള ഒരു നദിതടസംസ്ക്കാരം ആമ്പല്ലൂരിനും പരിസര പ്രദേശങ്ങളിലും സ്വപ്നം കിരുന്ന ര് മഹൽ വ്യക്തികളാ യിരുന്നു അളഗപ്പ ചെട്ടിയാരും, ത്യാഗരാജചെട്ടിയാരും. മണലിപുഴയുടെയും, കുറുമാലി പുഴയുടെയും സമീപ പ്രദേശങ്ങളും ഈ പുഴകൾക്കുള്ളിൽ വരുന്ന പ്രദേശങ്ങളും ഉൾപ്പെ ടുത്തി അദ്ദേഹം നടപ്പാക്കി തുടങ്ങിയിരുന്നു ആമ്പല്ലൂർ നഗരാസൂത്രണം. കിഴക്കൻ പശ്ചി മയൂറോപ്പിൽ നിലനിന്നിരുന്ന നദീതട നാഗരീകത അതേപടി പറിച്ച് നടപ്പാക്കാനാണ് അക്കാലത്ത് ലോകത്ത് ഒട്ടുമിക്ക ബിരുദങ്ങളും കരസ്ഥമാക്കിയിട്ടുള്ള അളഗപ്പചെട്ടിയാർ ചിന്തിച്ചിരുന്നത്. അതിന് ആദ്യപടിയെന്നോണം നൂൽകമ്പനി, സ്ക്കൂളുകൾ, കോളേജു കൾ, ആശുപത്രികൾ, റെയിൽവേ സ്റ്റേഷൻ, വില്ലേജ് ഓഫിസ് , പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫിസ് , തുടങ്ങിയ നഗര സങ്കൽപ്പങ്ങളെ പൂവണിയിക്കാനുള്ള എല്ലാം അദ്ദേഹം തുടങ്ങിവെച്ചു. അതിന് പിൻതുടർച്ചയെന്നോണം ആമ്പല്ലൂരും പരിസരങ്ങളും വികസനം പ്രാപിച്ചു തുടങ്ങി. കളിമൺ ഖനനതത്തിലൂടെ ഈ നാടും ജനങ്ങളും ഒരു പരിധി വരെ സാമ്പത്തികമായി പുരോഗതി പ്രാപിച്ചു. ഒട്ടേറെ ഓട്ടു കമ്പനികൾ നിലവിൽ വന്നു. കേര ളത്തിലെ ഏറ്റവും വീതികൂടിയ ഹൈവേ കടന്നുപോകുന്നത് ആമ്പല്ലൂർ, പുതുക്കാട്, പാലിയേക്കര എന്നിവിടങ്ങളിൽ കൂടിയാണ്.പൂരത്തിന്റെ വെടിക്കെട്ട് പോലെയുള്ള തൃശൂർക്കാരന്റെ വേഗതയ്ക്കും വാക്കിനും പ്രവർത്തിക്കും കൂടിയുള്ള തിലകചാർത്താണ് ഈ അതിവേഗ പാത. കൊച്ചിയുടെ ഇടപ്പിള്ളി പോലെയും , ബോംബെയുടെ പൂനെ പോലെയും ഹൈദ്രാബാദിന്റെ സെക്കന്തരാബാദ് പോലെയും ആണ് ഭാവിയിൽ തൃശ്ശൂ രിന്റെ ആമ്പല്ലൂർ വികസിക്കാൻ പോകുന്നത്. വരാൻ പോകുന്ന ആമ്പലൂർ– പൊള്ളാച്ചി വീതികൂടിയ ഇരട്ടപാതയാണ് ഇനി ആമ്പല്ലൂരിന്റെ ചരിത്രം മാറ്റിമറിക്കാൻ പോകുന്നത്. ആമ്പല്ലൂർ–കല്ലൂർ–മരോട്ടിച്ചാൽ–പൊള്ളാച്ചി. ഈ പാത നടപ്പിൽ വരുന്നതോടെ കേരള ത്തിൽ നിന്ന് തമിഴ്നാട്ടിലേക്ക് ഏറ്റവും കുറവുള്ള ദൂരമായിരിക്കും ഈ പാതക്ക്. തമി ഴ്നാട് ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങലിൽ നിന്ന് ഇനി ചരക്കു വാഹനങ്ങൾ വരുന്നത് ഈ പാതയിലൂടെയായിരിക്കും. ഇവിടെ നിന്ന് വേണം തൃശ്ശൂർ , കൊച്ചി തൂടങ്ങിയ സ്ഥല ങ്ങളിലേക്ക് ചരക്കുകൾ എത്തിക്കുന്നത്. കൂടാതെ കർണ്ണാടകയിൽ നിന്നുള്ള എല്ലാ ടൂറിസ്റ്റ് ചരക്ക് വാഹനങ്ങളും പോകുന്നത് ഇതിലൂടെയാണ്. ഇത്തരത്തിലുള്ള വൻകുതിപ്പ് മുൻക്കൂട്ടി മനസ്സിലാക്കിയ ബാങ്കുകൾ ഒന്നൊന്നായി ആമ്പല്ലൂരിൽ ബ്രഞ്ചുകൾ തുടങ്ങു കയാണ്. മൂന്നിലധികം ഇൻഷൂറൻസ് കമ്പനികളും ആമ്പല്ലൂരിൽ തുടങ്ങികഴിഞ്ഞു.

വല്ലാർപാടം കയ്നർ പദ്ധതിയിലൂടെ വരുന്ന ഭീമമായ പുരോഗതി വെറെയും . കൊച്ചി –വല്ലാർപാടം – ആമ്പല്ലൂർ – പാലക്കാട്– കോയമ്പത്തൂർ –സേലം വ്യാവസായിക ഇടനാഴി. ഇതിന്റെ പുരോഗതി വരും കാലങ്ങളിൽ നമുക്ക് ചിന്തിക്കുന്നക്കുന്നതിലും അപ്പുറമായിരിക്കും. ആമ്പല്ലൂരിൽ നിന്ന് തൃശ്ശൂരിലെത്താൻ പത്ത് മിനിറ്റ് , നെടുമ്പാശ്ശേരി എയർപോർട്ടിലെത്താൻ അരമണിക്കൂർ, വിളിച്ചാൽ  വിളികേൾക്കുന്ന പുത്തൂർ മൃഗശാല കിഴക്ക് 15 കിലോമീറ്ററിനുള്ളിളിൽ വരുന്ന മലയോര ഹൈവേ, കൂടാതെ എല്ലാ മൊബൈൽ കമ്പനികളുടെ അതിവേഗ ബ്രോഡ്ബാന്റ് ഈ ഹൈവേയിലൂടെ കടന്ന് പോകുന്നു. കൂടാതെ ഗൾഫ്, അമേരിക്ക, യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള അളവില്ലാത്ത സമ്പത്തും ഇന്നാട്ടിലേക്കു ഒഴുകുന്നു. സ്ഥല വില ഇരുപതും മുപ്പതും മടങ്ങ് വർദ്ധിച്ചു. ആമ്പല്ലൂർ പതുക്കാട് ഹൈവേയിൽ ചേർന്നുള്ള കെ എസ് ആർ ടി സി ബസ്സ് സ്റ്റാൻഡിന് അഭിമുഖമായി വരുന്ന റയിൽവേ സ്റ്റേഷന്റെ കവാടത്തിന്റെ ചർച്ചകൾ പുരോഗമിക്കുന്നു. ഇത് യാഥാർത്ഥമായാൽ  കേരളത്തിലെ ഹൈവേയോട് ചേർന്നുള്ള ആദ്യത്തെ റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റാന്റ് ആയിരിക്കും ഇത്. കൂടാതെ ആമ്പല്ലൂരിലും പരിസരപ്രദേശങ്ങളിലും തുടങ്ങിവെച്ച പതിനഞ്ചോളം ഫ്ളാറ്റുകളുടെ നിർമാണം. കൂടാതെ എല്ലാ നഗരങ്ങളുടെയും സ്ഥല ദൗർലഭ്യം ഇവിടെ അനുഭവപ്പെടാൻ സാധ്യത കുറവാണ്. കാരണം ആമ്പല്ലൂരിനും പുതുക്കാടിനും ചുറ്റുമുള്ള നൂറോളം ചതുരശ്ര കിലോമീറ്റർ കളിമൺ ഖനനത്തിലൂടെ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത്തരം കുഴികൾ നികത്തുന്നതിലൂടെ ഇവിടെ വമ്പൻ പ്രോജക്ടുകൾ വരാനുള്ള സാധ്യത കൂടുതലാണ്. കയ്നർ കമ്പനികളുടെ ഗോഡൗണുകൾ ഇവിടെ തുടങ്ങികഴിഞ്ഞു. പിന്നെ ഇവിടെ സുലഭമായി ലഭിക്കുന്ന ശുദ്ധജലം. ശുദ്ധ ജലത്തിൽ വിരിഞ്ഞിരുന്ന ആമ്പൽ പൂക്കളുടെ നാട്ടിൽ ഇനി പൂക്കളുടെ മാത്രമല്ല, പുരോഗതിയുടെ വസന്തവും വിരിയട്ടെ.

**ജോൺസൺ കൂടലി**

**അടിക്കുറിപ്പ്**

ര് കിലോമിറ്ററിനുള്ള നാല് ബാറുകൾ, ഒരു ബീവറേജ് ഷോപ്പ്, അത്രയ്ക്കു തന്നെ സിനിമാ തീയേറ്ററുകളും, നാല് പെട്രോൾ പമ്പുകൾ, ബി ഒ ടി ചുങ്കക്കാരന്റെ കേന്ദ്രവും , കൂലിക്കാരന്റെ വീട്ടിൽ പണിക്ക് വിളിക്കാൻ വന്നാൽ വരുന്നവൻ മുഴിച്ചിടണം, വാഹനമോടിക്കാൻ ഡ്രൈവറെ വേണമെങ്കിൽ പണിക്കു നിർത്തുമ്പോൾ പൈൻഡെടുത്ത് കീശയിൽ വെക്കണം. ന്താ പോരെ ഇന്നാട്ടുകാർ പണക്കാർ തന്നെ.